പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 486 01.07.2019 ലെ മറുപടിക്ക്

**കയർ വ്യവസായമേഖലയുടെ സംരക്ഷണത്തിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ. കെ. ദാസൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഉല്പാദനപ്രക്രിയയിലെ യന്ത്രവൽക്കരണത്തിലൂടെയും ആധുനീകരണത്തിലൂടെയും കയറുല്പന്നങ്ങളുടെ വില മത്സരാധിഷ്ഠിതമാക്കി സപ്ലൈ രംഗവും തൽസമയം വിദേശ, ആഭ്യന്തര കമ്പോളം വിപുലീകരിച്ച് ഡിമാന്റ് രംഗവും ശാക്തീകരിക്കുന്നതിന് ചെയ്തു വരുന്ന പ്രവർത്തനം വിശദമാക്കാമോ; | എ) ആഭ്യന്തര വിപണിയിൽ വിൽപ്പന മെച്ചപ്പെടുത്തുന്നതിന് പ്രദർശനങ്ങൾ, ബയർ സെല്ലർ മീറ്റുകൾ നടത്തുന്നുണ്ട്. കയർഫെഡ്, ഷോറൂമുകളിൽ കൂടുതൽ ഏജൻസികളെ കണ്ടെത്തി വിൽപ്പന മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിദേശവിപണിയിൽ കൂടുതൽ ഡിമാന്റുള്ള പി.വി.സി/ലാറ്റക്സ് ടഫ്റ്റഡ് കയർ മാറ്റുകൾ നിർമ്മിക്കുന്നതിന് അത്യുൽപ്പാദനക്ഷമതയുള്ള ടഫ്റ്റിംഗ് പ്ലാൻറ് ഇറക്കുമതി ചെയ്ത് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ അടൂർ ഡിവിഷനിൽ പ്രവർത്തിപ്പിച്ചുവരുന്നു. ഇതുകൂടാതെ കയർ ഭൂവസ്ത്രം, മറ്റ് കയർ അധിഷ്ഠിത പായകൾ എന്നിവയുടെ ഡിമാൻഡ് നിറവേറ്റുന്നതിന് പൂർണ്ണമായും ആട്ടോമാറ്റിക് ആയി പ്രവർത്തിക്കുന്ന 7 തറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ പുരോഗമിച്ചുവരുന്നു. |
| (ബി) ദേശീയ കയർ ഗവേഷണവും മാനേജ്മെന്റും ഇൻസ്റ്റിറ്റ്യൂട്ട് ഈ രംഗത്ത് നടത്തി വരുന്ന പ്രവർത്തനം എത്രമാത്രം ഫലപ്രദമാകുന്നുണ്ടെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; | ബി) ഉണ്ട്. ദേശീയ കയർ ഗവേഷണവും മാനേജ്മെൻറും ഇൻസ്റ്റിറ്റ്യൂട്ട് (നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്) കയർ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് വിവിധ ഗവേഷണ പ്രവർത്തനങ്ങളും പരിശീലന പരിപാടികളും വിജയകരമായി സംഘടിപ്പിച്ചുവരുന്നു. |

**കയർ മേഖലയിൽ നടത്തിയ വിവിധ പ്രവർത്തനങ്ങൾ**

- ചരിവുപ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം കൃഷി ചെയ്യുന്നതിനുവേണ്ടി പ്രകൃതിദത്തമായ കയർജിയോസെൽ വികസിപ്പിച്ചെടുത്തു.
- ചകിരി നാര് ഉപയോഗിച്ച് വിവിധ തരത്തിലുള്ള കൃഷിക്കാവശ്യമായ പുതയിടീൽ വസ്തുക്കൾ വികസിപ്പിച്ചെടുത്തു.
- പ്രകൃതി സൗഹാർദ്ദപരമായ രീതിയിൽ ഭൂവസ്ത്രത്തിന്റെ ഉപയോഗത്തിന്റെ പരിശീലനം കയർഫെഡിന്റെ സഹായത്തോടു കൂടി എൻ.സി.ആർ.എം.ഐ നടത്തുകയുണ്ടായി.
- കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള ഓറിയൻറേഷൻ ട്രെയിനിംഗ് നടത്തുകയുണ്ടായി.
- കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെ വനിതകൾക്കു വേണ്ടി കയർ ഭൂവസ്ത്രം നെയ്യുന്നതിനുള്ള പരിശീലന പരിപാടി നടത്തുകയുണ്ടായി.
- കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെ സെക്രട്ടറിമാർക്കും, പ്രസിഡൻറുമാർക്കും, ബോർഡ് ഡയറക്ടർമാർക്കും വേണ്ടിയുള്ള ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.
- എൻ.സി.ആർ.എം.ഐ മൈക്രോബയോളജി & മോളികുലാർ ബയോളജി ലാബിൽ ശാസ്ത്രജ്ഞൻമാർക്കുള്ള 21 ദിന പരിശീലന പരിപാടി നടത്തുകയുണ്ടായി.
- കൃഷിഭവന്റെ പരിധിയിലുള്ള കർഷകർക്ക് ട്രൈക്കോഡർമ ഫംഗസിന്റെ ഉല്പാദനത്തിൽ ശ്രദ്ധിക്കേണ്ട മുൻകരുതലുകളെ കുറിച്ചുള്ള പരിശീലനം നൽകുകയുണ്ടായി.
- വൈക്കം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലെ കയർ പ്രോജക്ട് ഓഫീസിന്റെ കീഴിലുള്ള കയർ വ്യവസായ

| | |
|---|---|
| | സഹകരണ സംഘങ്ങളിലെ ഡിഫൈബറിംഗ് യൂണിറ്റിലെ തൊഴിലാളികൾക്കും, ആലപ്പുഴ, വൈക്കം കയർ കൺസോർഷ്യം സൊസൈറ്റി, കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലെ ഡിഫൈബറിംഗ് യൂണിറ്റിലെ തൊഴിലാളികൾക്കും കയർ പിത്ത് കമ്പോസ്റ്റിംഗിൽ പരിശീലനം നൽകി. |
| സി) ഉല്പാദന, വിപണന രംഗങ്ങളിൽ ചെറുകിട ഉല്പാദകരുടെ താല്പര്യം സംരക്ഷിക്കുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ചെയ്തുവരുന്ന പ്രവർത്തനം അറിയിക്കാമോ; | സി) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കളെയും കയർ സഹകരണ സംഘങ്ങളേയും ക്രയവിലസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി ഓർഡറുകൾ നൽകുന്നുണ്ട്. അവർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് വില മുൻകൂറായി നൽകി സംഭരിക്കുകയും ഈ ഉല്പന്നങ്ങൾ കയറ്റുമതിക്കാർക്ക് സഹായവിലയ്ക്ക് നൽകുകയും ചെയ്യുന്നത് ഈ മേഖലയിലെ ഫലപ്രദമായ ഇടപെടലാണ്. ചെറുകിട ഉൽപ്പാദകർക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളായ ചകിരി, കയർ എന്നിവ കയർഫെഡിൽ നിന്നും സംഭരിച്ച് ചെറുകിട നിർമ്മാതാക്കൾക്ക് വായ്പയായി നൽകുകയും അവർ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിലയിൽ നിന്നും ഈ വായ്പ ഈടാക്കുകയും ചെയ്യുന്നു. ഇന്ത്യയിലും വിദേശങ്ങളിലുമുള്ള ട്രേഡ് ഫെയറുകൾ, പ്രാദേശിക പ്രദർശന വിപണന മേളകൾ എന്നിവയിൽ സജീവമായി പങ്കെടുക്കുകയും നവീനങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. വിശേഷ അവസരങ്ങളിൽ (ഓണം, ക്രിസ്തുമസ്, ദീപാവലി) പ്രത്യേക വിതരണ ക്യാമ്പെയിനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കയറ്റുമതിമേഖലയിൽ വിദേശ ഉപഭോക്താക്കളെ കണ്ടെത്തുന്നതിനായി പ്രത്യേക എക്സ്പോർട്ട് ഡിവിഷൻ പ്രവർത്തിപ്പിക്കുകയും നിലവിൽ 8 രാജ്യങ്ങളിലേക്ക് ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുകയും ചെയ്യുന്നു. ആഭ്യന്തര വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. |
| | |

| | |
|---|---|
| ഡി) കയർ വ്യവസായത്തിന്റെ പുനരുദ്ധാരണത്തിന് പ്രധാന പങ്കുവഹിക്കേണ്ട കയർഫെഡിനെ പുന:സംഘടിപ്പിച്ച് ശാക്തീകരിക്കാനായി നടത്തിയ പ്രവർത്തനം അറിയിക്കാമോ? | ഡി) കയറിന്റെ വാങ്ങലിലും വിൽപ്പനയിലും സർവ്വകാല റിക്കോർഡ് നേട്ടം കൈവരിക്കാൻ കയർഫെഡിന് കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർഫെഡിന്റെ പ്രവർത്തനങ്ങളിൽ സമഗ്രമായ പുരോഗതിയും ഉണ്ടായിട്ടുണ്ട്. കൂടാതെ കയർ ഭൂവസ്ത്ര വിപണനം, ചകിരി സംഭരിച്ച് അംഗ സംഘങ്ങൾക്ക് നൽകുന്ന നടപടികൾ എന്നിവയിലൂടെ കയർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ചകിരി ക്ഷാമം പരിഹരിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് വടവന്നൂരിൽ ഡി.എഫ് മിൽ സ്ഥാപിച്ചതും, കയർ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിൽപ്പനയ്ക്കായി ഇ-കോമേഴ്സ് പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതും, ഗാർഡൻ മെറ്റീരിയൽ യൂണിറ്റ് സ്ഥാപിച്ചതും കയർഫെഡ് കൈവരിച്ച നേട്ടങ്ങളിൽ ചിലതാണ്. |

സെക്ഷൻ ഓഫീസർ